# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.361 04.06.2018 - ൽ മറുപടിയ്ക്ക്**

**<u>അവയവദാനം</u>**

| <u>ചോദ്യം</u><br>ശ്രീ.എം.രാജഗോപാലൻ | <u>മറുപടി</u><br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
|---|---|
| (എ) അവയവദാനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ഓൺലൈൻ രജിസ്ട്രി തയ്യാറാക്കിയിട്ടുണ്ടോ ; | (എ) ഉണ്ട്. മരണാനന്തര അവയവദാനത്തിന് തയ്യാറാകുന്നവർക്കായി സർക്കാരിന്റെ മരണാനന്തര അവയവദാന പദ്ധതിയായ 'മൃതസഞ്ജീവനി' യുടെ കീഴിൽ 'www.knos.org.in' എന്ന പേരിൽ ഒരു ഓൺലൈൻ രജിസ്ട്രി നിലവിലുണ്ട്. ജീവിച്ചിരിക്കുന്നവരുടെ അവയവ ദാനം പ്രോത്സാഹിപ്പിക്കുന്നതിനും പരോപകാര തല്പരതയോടു കൂടി നിസ്വാർത്ഥമായി അവയവം ദാനം ചെയ്യുന്നതിന് മുന്നോട്ട് വരുന്നവർക്കും സ്വാപ്പ് ഡൊണേഷനും വേണ്ടി നാഷണൽ ഇൻഫോർമാറ്റിക്സ് സെന്റർ മുഖാന്തിരം പുതിയ വെബ് രജിസ്ട്രി വികസിപ്പിച്ച് വരുന്നു. |
| (ബി) ഈ രജിസ്ട്രിയിൽ പേര് ചേർക്കാൻ എന്തൊക്കെ നിബന്ധനകളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ ; | (ബി) മരണാനന്തര അവയവദാനത്തിന് തയ്യാറാകുന്നവർക്ക് 'മൃതസഞ്ജീവനി' പദ്ധതി മുഖാന്തിരം അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തുന്ന ആശുപത്രികളിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. ജീവിച്ചിരിക്കുന്നവരുടെ അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിനും പരോപകാര തല്പരതയോടു കൂടി നിസ്വാർത്ഥമായി അവയവം ദാനം ചെയ്യുന്നതിന് മുന്നോട്ട് വരുന്നവർക്കും സ്വാപ്പ് ഡൊണേഷന് വേണ്ടിയും നിലവിൽ വരുന്ന പുതിയ രജിസ്ട്രിയിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള മാർഗ്ഗരേഖകൾ 15.02.2018 ലെ സ.ഉ.(കൈ) നം.26/2018/ആകുവ നമ്പർ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗ നിർദ്ദേശങ്ങൾ |

പ്രകാരം ചുവടെ ചേർത്തിരിക്കുന്ന നിബന്ധനകൾ പാലിക്കുന്നവർക്ക് രജിസ്ട്രിയിൽ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.

1. നിയമപ്രകാരം സമ്മതപത്രം നൽകാൻ കഴിയുന്ന പ്രായപൂർത്തിയായ വ്യക്തിയായിരിക്കണം.
2. [illegible] ചെയ്യുന്നതിനും വിലയിരുത്തുന്നതിനും പ്രാപ്തനായിരിക്കണം
3. ശസ്ത്രക്രിയയെത്തുടർന്നുണ്ടാകുന്ന ബുദ്ധിമുട്ടുകൾ, തുടർന്നുള്ള പരിണിത ഫലങ്ങൾ എന്നിവയെക്കുറിച്ച് ബോധ്യപ്പെട്ടുത്തേണ്ടതും ആയത് മനസ്സിലാക്കാൻ കഴിയുന്ന വ്യക്തിയും ആയിരിക്കണം.
4. ശാരീരികമായും മാനസികമായും ആരോഗ്യവാനായിരിക്കണം.

(സി) രക്തബന്ധമില്ലാത്തവർക്കും അവയവം നൽകാൻ വ്യവസ്ഥയുണ്ടോ; എങ്കിൽ ഇതിന്റെ നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ?

(സി) ഉണ്ട്. 15.02.2018 ലെ സ.ഉ.(കൈ)നം.26/2018/ ആകുവ പ്രകാരം രക്തഗ്രൂപ്പ് ചേരാത്ത സാഹചര്യത്തിൽ രക്തബന്ധമില്ലാത്തവരിൽ നിന്നും സ്വാപ്പ് ഡൊണേഷൻ വഴി അവയവം സ്വീകരിക്കുന്നതിന് മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. സ്വാപ്പ് ഡൊണേഷൻ വഴി അവയവക്കൈമാറ്റം നടത്തുന്നതിന് ബന്ധപ്പെട്ട ജില്ലാതല ആതറൈസേഷൻ കമ്മിറ്റിയുടെ അംഗീകാരം ആവശ്യമാണ്.

സെക്ഷൻ ഓഫീസർ